**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2672** **13-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ശമ്പള വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പല പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലും കൃത്യമായി ശമ്പളം നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കോവിഡ് മൂലം ഉണ്ടായ പ്രതിസന്ധി തുടരുന്നതുമൂലമുള്ള ഉത്പാദന – വിപണന പ്രശ്നങ്ങൾ മൂലവും വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തിന്റെ ഭാഗമായി വിപണനത്തിന്റെയും / സേവനങ്ങൾ നല്കിയതിന്റെയും ഭാഗമായി കമ്പനികൾക്ക് ലഭിക്കേണ്ട തുകയിൽ കാലതാമസം നേരിടുന്നതിനാലും കൃത്യമായ തീയതിയിൽ ശമ്പളം നൽകുന്നതിന് ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യമായ തീയതിയിൽ ശമ്പളം നൽകുന്നതിന് താമസം നേരിടുന്ന വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. നൂതന വിപണന സംവിധാനങ്ങളിലൂടെയും വിപണി വിപുലീകരിച്ചുകൊണ്ടും ഈ പ്രതിസന്ധികളെ തരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങളിലാണ് ശമ്പളം മുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിൽ ശമ്പളം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | (എ) പിരിവിന്റെ മറുപടി ദയവായി കണ്ടാലും. |
| (സി) | സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് കഴിഞ്ഞ അഞ്ച് മാസക്കാലമായി ശമ്പളം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവർക്ക് കൃത്യമായി ശമ്പളം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപറേഷനിലെ ജീവനക്കാർക്ക് കഴിഞ്ഞ മൂന്ന് മാസത്തെ ശമ്പളം കുടിശ്ശിക ഉണ്ടെന്നാണ് കമ്പനിയിൽ നിന്നും ലഭ്യമായ വിവരം. കൈത്തറി തുണികളുടെ വില്പന നടത്തിയ വകയിൽ തിരികെ ലഭിക്കുവാനുള്ള തുക ലഭിക്കുന്ന മുറയ്ക്ക് ഈ കുടിശ്ശികകൾ തീർപ്പാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | കമ്പനിയുടെ പേര് |
|---|---|
| 1. | കെൽ – ഇ എം എൽ |
| 2. | ദി ത്രിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 3. | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 4. | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 5. | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |
| 6. | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ |
| 7. | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് |
| 8. | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 9. | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| 10. | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 11. | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 12. | കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 13. | മാൽകോടെക്സ് |

സെക്ഷൻ ഓഫീസർ